ആ ഫയൽ ഇതുവരെ ഞാൻ കണ്ടിട്ടില്ല. എന്നാൽ ഈ കാര്യങ്ങളൊക്കെ എനിക്ക് അറിയാം. അതുകൊണ്ട് ആ തീരുമാനം എടുക്കുന്നതിനു മുമ്പ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് കൺസൾട്ട് ചെയ്യും. അത് ശ്രീ. ടി. കെ. ദേവകുമാറിന് മതിയാവുകയില്ല. അതുകൊണ്ട് പ്രതിപക്ഷ ഉപനേതാവിനോടും കൺസൾട്ട് ചെയ്യും. ഒരു സംശയവും വേണ്ട. ഇതിൽ ഒരു കാര്യം ഞാൻ പറയാം. ഇതിൽ ഞങ്ങളുടെ പേരിൽ ചെളിവാരി എറിഞ്ഞ്; അത് തെരഞ്ഞെടുപ്പിനുകൊണ്ടുപോകാം എന്നു നിങ്ങൾ ധരിക്കണ്ട; അതുണ്ടാകുകയില്ല.

XVII വ്യക്തിപരമായ വിശദീകരണം

സി.&എ.ജി. റിപ്പോർട്ടിലെ കെ. എസ്. ടി. പി.-യെ സംബന്ധിച്ച പരാമർശം

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, ഒരു പേഴ്സനൽ എക്സ്പ്ലനേഷനു വേണ്ടി മാത്രമാണ് ഞാൻ ഇവിടെ നില്ക്കുന്നത്. ഇവിടെ പ്രിയപ്പെട്ട മൊയ്തീൻ എം.എൽ.എ സംസാരിച്ച സമയത്ത് ഏകദേശം 500-ലധികം കോടി രൂപയുടെ നഷ്ടം കെ.എസ്.ടി.പി.-ൽ ഉണ്ടായെന്ന് സി.&എ.ജി. റിപ്പോർട്ടിലുണ്ടെന്ന് സൂചിപ്പിക്കുകയുണ്ടായി. സി.&എ.ജി. റിപ്പോർട്ടിൽ ഇത്രയും വലിയ ഒരു തുകയുടെ പ്രശ്നമുണ്ടായി എന്ന് എവിടെയും സൂചിപ്പിച്ചിട്ടില്ല. അത് തെറ്റിദ്ധാരണ ഉണ്ടാക്കുവാനുള്ള സാധ്യതയുണ്ട്. സി.&എ.ജി. റിപ്പോർട്ടിനെ സംബന്ധിച്ചുള്ള എല്ലാ കാര്യവും ഇവിടെ ഞാൻ ചോദ്യോത്തരവേളയിൽ പറയുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് അത്തരം കാര്യങ്ങൾ രേഖയിൽ കിടക്കുന്നതുകൊണ്ട് ഈ എക്സ്പ്ലനേഷൻ കൂടി ഉണ്ടാകണമെന്നുള്ള നിലയ്ക്ക് ഞാൻ ഇതുംകൂടി ഇവിടെ വിശദീകരിക്കുകയാണ്. അതുപോലെ ബഹുമാനപ്പെട്ട കോടിയേരി സംസാരിച്ചപ്പോൾ ഹൈക്കോടതി വിധിയുടെ ഒരു കാര്യം പറയുകയുണ്ടായി. ഹൈക്കോടതി നമുക്കെതിരെ ഒരു വിധിയും അങ്ങനെ പുറപ്പെടുവിച്ചിട്ടില്ല. ഹൈക്കോടതിയിൽ ഡിപ്പാർട്ടുമെന്റൽ എക്സിക്യൂഷനും അതു പോലെ മറ്റുള്ള കാര്യങ്ങളും അടിസ്ഥാനപ്പെടുത്തിയുള്ള പരാതി കോൺട്രാക്ടേഴ്സ് അസ്സോസ്സിയേഷൻ കൊടുത്തിരുന്നു. പക്ഷേ ഹൈക്കോടതിക്ക് ഈ രീതിയിൽ ചില ഘട്ടങ്ങളിൽ ഇങ്ങനെ ചെയ്യേണ്ടിവരും. In exceptional cases the execution of a work departmentally cannot be ruled out എന്നു പറയുകയും, ആ കേസുമായി ബന്ധപ്പെട്ടിട്ടുള്ള കേസ്സുകളിൽ ഇപ്പോൾ ഇടപെടുന്നത്, it will be against public interest now to interfere with the same എന്നു പറയുകയും, ഇപ്പോൾ തുടരുന്ന സംവിധാനം തന്നെ തുടരാമെന്ന് അവർ സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. അതിനു പുറമേ ലോക്കലായി രണ്ടു പത്രങ്ങളിൽക്കൂടി കൊടുക്കുന്നത് കുറച്ചുകൂടി സുതാര്യതയ്ക്ക് നല്ലതായിരിക്കും എന്നുള്ള ഒരു പരാമർശം പറയുകയും മാത്രമല്ലാതെ ഇതു സംബന്ധിച്ച് വളരെ മോശമായിട്ടുള്ള ഒരു പരാമർശവും കോടതിയിൽ നിന്ന് ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly